ടാപ്പം വൈദ്യുതി വെളിച്ച സംവിധാനം മെച്ചപ്പെടുത്താനും പദ്ധതി ലക്ഷ്യ മിടുന്നുണ്ട്. തമ്പാനൂർ സെൻട്രൽ ബസ് സ്റ്റേഷനേയും ചാലക്കമ്പോളത്തേയും ബന്ധിപ്പിച്ച് 8 മീറ്റർ വീതിയിലും 5.76 മീറ്റർ നീളവുമുള്ള ഒരു നടപ്പാലം നിർമ്മിക്കുന്നതിനുംവേണ്ടി പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. സബ്‌വേ, നടപ്പാതകൾ, മേൽപ്പാലം എന്നിവയുടെ വശങ്ങളിൽ പരസ്യബോർഡുകൾ, പാർക്കിംഗ് ഫീസ്, കടവാടക എന്നീ ഇനങ്ങളിൽ നിന്ന് തിരുവനന്തപുരം നഗരസഭയ്ക്ക് പ്രതിവർഷം 2.48 കോടി രൂപയുടെ അധിക വരുമാനവും പദ്ധതി ലക്ഷ്യമിടുന്നു.

(സി) കേരളം കേന്ദ്രസർക്കാരിനു സമർപ്പിച്ച വിശദമായ പദ്ധതി രേഖയിൽ 42.561 കോടി രൂപയാണ് പദ്ധതി അടങ്കലായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 26.968 കോടി രൂപ കേന്ദ്ര വിഹിതമായിട്ടാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

(ഡി) കേന്ദ്ര സർക്കാർ പദ്ധതി അംഗീകരിച്ച് കേന്ദ്ര വിഹിതം അനുവദിക്കുന്ന മുറയ്ക്ക് പദ്ധതി നിർവഹണത്തിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

സംയോജിത ചേരി വികസന പദ്ധതി

156 (4780) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജിത ചേരി വികസന പദ്ധതി സംസ്ഥാനത്തെ എത്ര നഗരസഭകളിലാണ് നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഒറ്റപ്പാലം നഗരസഭ ഉൾപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഒറ്റപ്പാലം നഗരസഭയിൽ എത രൂപ ചെലവഴിച്ചു ; എത്ര പേർക്ക് ഗുണം ലഭിച്ചു ; എത്ര വീടുകളാണ് നിർമ്മിച്ചത് വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംയോജിത ഭവന നിർമ്മാണ ചേരി വികസന പദ്ധതി (ഐ.എച്ച്.എസ്.ഡി.പി) സംസ്ഥാനത്തെ 45 നഗരസഭകളിലാണ് നടപ്പിലാക്കിവരുന്നത്.

(ബി) ഉണ്ട്.

(സി) ഐ.എച്ച്.എസ്.ഡി.പി. (ഒന്നാം ഘട്ടം) പദ്ധതി പ്രകാരം ഒറ്റപ്പാലം നഗരസഭ 2010 ജൂൺ മാസം വരെ 548.87 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം 577 പേർക്ക് ഗുണം ലഭിച്ചിട്ടുണ്ട്. 183 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(തുക ലക്ഷത്തിൽ)

അനുവദിച്ച തുക	ചെലവഴിച്ച തുക	ആകെ അനുവദിച്ച വീടുകളുടെ എണ്ണം	പൂർത്തിയാക്കിയ വീടുകളുടെ എണ്ണം	ആകെ അനുവദിച്ച വീട് പുനഃനിർമ്മാണം	പൂർത്തിയാക്കിയത്
781.17	548.87	277	183	300	296

മുനിസിപ്പൽ കോമൺ സർവ്വീസിൽ ഇലക്ട്രീഷ്യൻ തസ്തികയിലെ ഒഴിവുകൾ

157 (4781) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് മുനിസിപ്പൽ കോമൺ സർവ്വീസിൽ ഇലക്ട്രീഷ്യൻ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അതിൽ എത്ര ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ജില്ല തിരിച്ച് അറിയിക്കുമോ ?

ഉത്തരം

രണ്ട് ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത രണ്ട് ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി തസ്തികയിലേയ്ക്ക് സംസ്ഥാനാടിസ്ഥാനത്തിലാണ് നിയമനമെന്നതിനാൽ ജില്ലാടിസ്ഥാനത്തിലല്ല പബ്ലിക് സർവ്വീസ് കമ്മീഷന് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

സോണൽമാറ്റം സംബന്ധിച്ച കാസർഗോഡ് നഗരസഭാ തീരുമാനം

158 (4782) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് മുൻസിപ്പാലിറ്റിയിൽപ്പെട്ട ആർ. എസ്. നമ്പർ 77/7 എ1-ൽ പെട്ട 10 സെന്റു സ്ഥലം സോണൽ മാറ്റുന്നതിനായി നഗരസഭാ കൗൺസിൽ തീരുമാനമെടുത്ത് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ തീരുമാനമെടുത്തത് എന്നാണെന്നും സർക്കാരിനെ അറിയിച്ചത് എന്നാണെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത ഫയൽ ഇപ്പോൾ എവിടെയാണുള്ളതെന്നും അതിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ ;

(ഡി) സോണൽ മാറ്റം വൈകുന്നതിനുള്ള കാരണമെന്തെന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly